Cut Motion No. 9

Providing funds for antirabic treatment under "Ayurveda"

Mr. C. V. Iyyu *(Kunnamkulam):* The cut motion that stands in my name is this.—

"To reduce the allotment of Rs. 2,400 for anti-rabic treatment by Rs. 2". This is to bring home to the Government the necessity for an additional allotment for anti-rabic treatment under the Ayurvedic system also.

സർ, ഭ്രാന്ത നായ കടിച്ചുണ്ടാകുന്ന സുഖക്കേടിനു് ഇംഗ്ലീഷു വൈദ്യസമ്പ്രദായപ്രകാരമുള്ള ചികിത്സിപ്പിനു ഞാൻ ദോഷം പറയുന്നില്ല. പാസ്റ്റ്യൂർ ചികിത്സാസമ്പ്രദായപ്രകാരം വിഷമിളകിയാൽ സുഖപ്പെടുത്തുവാനുള്ള മാർഗ്ഗമില്ല. ഇതു പരിഹരിപ്പാൻവേണ്ടിയാണു് ആയുർവ്വേദ ചികിത്സ വേണമെന്നു ഞാൻ പറയുന്നതു്. ആയുർവ്വേദസമ്പ്രദായപ്രകാരം ചികിത്സിച്ചാൽ ചിലപ്പോൾ ആ സുഖക്കേടു സുഖമാകും. നമുക്കിപ്പോൾ ഒരു ആയുർവ്വേദ ഡിപ്പാർട്ട്മെൻറുണ്ടു്. ആ ഡിപ്പാർട്ട്മെൻറിൽ നിന്നു് ഈ ചികിത്സയുംകൂടി നടത്തുന്നതിനുള്ള സൌകര്യം ഉണ്ടാകുന്നതിനായി അതിലേക്കു കുറെ പണംകൂടി അനുവദിക്കണമെന്നാണു ഞാൻ അപേക്ഷിക്കുന്നതു്.

ഡെപ്യൂട്ടി പ്രസിഡണ്ടു്: മറ്റുള്ള ചികിത്സയില്ലാതെ ഇതുമാത്രം നടത്തണമെന്നാണൊ പറയുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: ഭ്രാന്ത നായ കടിച്ചാലുള്ള വിഷം ഇളകിയാൽ മിക്കവാറും എല്ലാവരും മരിക്കുമെന്ന തീർച്ചയാണു്. ആയുർവ്വേദ ചികിത്സകൊണ്ടു ചിലർക്കു സുഖമായി കണ്ടിട്ടുണ്ടു്. നമ്മുടെ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇതു ചെയ്യുന്നതു സുഖപ്പെടുത്തുന്നതായി എനിക്കറിയാം. അതുമല്ലിവപേക്ഷിക്കുള്ള ആയുർവ്വേദാശുപത്രിയിൽ തല്ക്കാലം പരീക്ഷാർത്ഥം നടപ്പിൽവരുത്തിയാൽ മതിയാകും.

ഡെപ്യൂട്ടി പ്രസിഡണ്ടു്: അവിടെ വേറെയും ചികിത്സയുണ്ടല്ലൊ.

മിസ്റ്റർ കെ. അച്യുതമേനോൻ: അവിടെ നടത്തുന്നതിനു പണം വേണ്ട. അവിടെ മരുന്നുണ്ടാക്കുന്നുണ്ടു്. ഫ്രീയായിട്ടു് എല്ലാവർക്കും കൊടുക്കുന്നുമുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: മരുന്നുണ്ടാക്കുന്നതിനു പണം വേണ്ടേ?

Mr. K. Achyuta Menon *(Secretary to Government):* A lump sum allotment is already given. If there is a physician qualified they can prepare the medicines there. It is free there.

എന്തിനാണു പണം? ചികിത്സക്കു ആളകപ്പെടുത്തിയാൽ അവിടെനിന്നും മരുന്നുകൊടുക്കുമല്ലൊ. അവിടെ ആയുർവ്വേദപ്രകാരമുള്ള മരുന്നുകളൊക്കെയാണു് ഉണ്ടാക്കുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: ഇതിനു പരിചയമുള്ള ആളെ നിയമിക്കണം, മരുന്നും കൊടുക്കണം. അതിനാണു പണം ആവശ്യമുള്ളതു്. ഇതു് അവിടെ നടത്തിവരുന്നതെങ്കിൽ ഞാൻ ഈ ഉപക്ഷേപം പ്രസ്സു ചെയ്യുന്നില്ല. മോഷൻ പിൻവലിക്കുന്നതിനു സഭയുടെ അനുവാദം ചോദിച്ചുകൊള്ളുന്നു

Motion by leave withdrawn

LIBRARY ARCHIVES Kerala Legislative Assembly